DB2

DR1

LSGD, Thiruvananthapuram 18/12/21

"ഭരണഭാഷ- മാതൃഭാഷ"

17033 29/12/2021

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടം - ആർക്കിറ്റെക്റ്റ്, എഞ്ചിനീയർ, ടൗൺ പ്ലാനേഴ്സ് മുതലായവരുടെ രജിസ്ട്രേഷൻ - കാലാവധി നീട്ടി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2492/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/12/2021

പരാമർശം:-

1. നഗരകാര്യ ഡയറക്ടറുടെ 24 .04 2020 തീയതിയിലെ L / 15/ 2020 നമ്പർ കത്ത്
2. 30/04/2020 തീയതിയിലെ സ.ഉ.(സാധാ) നം 806/2020/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ്
3. 19/05/2021 തീയതിയിലെ സ.ഉ.(സാധാ) നം 1019/2021/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ്
4. 03/07/2021 തീയതിയിലെ സ.ഉ.(സാധാ) നം 1254/2021/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ്
5. നഗരകാര്യ വകുപ്പ് ഡയറക്ടറിൽ നിന്നുള്ള 01/11/2021 തീയതിയിലെ DUA/21001/2001-G1 നമ്പർ കത്ത്

20/12/21

**ഉത്തരവ്**

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടം 99ലെ വ്യവസ്ഥകൾ പ്രകാരം ആർക്കിടെക്റ്റ് , എഞ്ചിനീയർ, ടൗൺ പ്ലാനേഴ്സ് മുതലായവരുടെ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള സമയപരിധി 2020 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ അവസാനിക്കുന്ന സംഗതിയിൽ, കോവിഡ് രോഗവ്യാപന പശ്ചാത്തലത്തിൽ, പ്രസ്തുത സർട്ടിഫിക്കറ്റുകളുടെ കാലാവധി മൂന്ന് മാസത്തേക്ക് ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം ( 1 ) കത്ത് പ്രകാരം നഗരകാര്യവകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. അതിൻ പ്രകാരം 2020 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ രജിസ്ട്രേഷൻ കാലാവധി അവസാനിക്കുന്ന എല്ലാ സർട്ടിഫിക്കറ്റുകളുടെയും കാലാവധി 2020 ജൂൺ 15 വരെ ദീർഘിപ്പിച്ച് നൽകിക്കൊണ്ട് പരാമർ ശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കോവിഡ് രോഗവ്യാപനം തുടർന്ന സാഹചര്യത്തിൽ പരാമർ ശം (2) പ്രകാരം നൽകിയ ആനുകൂല്യം 2021 ജൂൺ 3 0 വരെ ദീർഘിപ്പിച്ചുനൽകിക്കൊണ്ട് പരാമർശം (3) പ്രകാരവും തുടർ ന്ന് 2020 വർഷത്തിൽ കാലാവധി അവസാനിച്ച ലൈസൻസുകളുടെ കാലാവധി 2021 ജൂലൈ 3 1 വരെ ദീർഘിപ്പിച്ചുകൊണ്ട് പരാമർശം (4) പ്രകാരവും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി

2) പരാമർശം (5) കത്ത് പ്രകാരം നഗരകാര്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശുപാർശയിൽ 2021 ജനുവരി മുതൽ ഒക്ടോബർ 3 1 വരെ രജിസ്ട്രേഷൻ കാലാവധി അവസാനിച്ച ആർക്കിടെക്റ്റ് , എഞ്ചിനീയർ, ടൗൺപ്ലാനേഴ്സ് എന്നിവരുടെ രജിസ്ട്രേഷൻ കാലാവധി 2021 നവംബർ 3 0 വരെ ദീർഘിപ്പിച്ച് നൽകുന്നതിന് അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021 വർഷത്തിലും കോവിഡ് രോഗബാധ ഉയർന്ന പശ്ചാത്തലത്തിൽ പൊതു ജീവിതത്തിലും സർക്കാർ കാര്യാലയങ്ങളുടെ പ്രവർത്തനത്തിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ സാഹചര്യം കൂടി പരിഗണിച്ച് പരാമർശം (2) (3) (4) ഉത്തരവുകൾ പ്രകാരം സർക്കാർ നൽകിയ ആനുകൂല്യങ്ങൾക്ക് തുടർച്ചയായി 2021 ജനുവരി 1 മുതൽ 2021 ഒക്ടോബർ 3 1 വരെ രജിസ്ട്രേഷൻ കാലാവധി അവസാനിച്ച ആർക്കിടെക്ട്, എഞ്ചിനീയർ, ടൗൺപ്ലാനേഴ്സ് എന്നിവരുടെ രജിസ്ട്രേഷൻ കാലാവധി 2021 ഡിസംബർ 3 1 വരെ ദീർഘിപ്പിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റെജീന ആർ
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, നഗരകാര്യ വകുപ്പ് , തിരുവനന്തപുരം

ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് , തിരുവനന്തപുരം

DB6

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ് , തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ , ഐ കെ എം , തിരുവനന്തപുരം

എല്ലാ കോർപറേഷൻ മേയർമാർക്കും , സെക്രട്ടറിമാർക്കും ( നഗരകാര്യ വകുപ്പ് ഡയറക്ടർ മുഖേന )

എല്ലാ നഗരസഭാ ചെയർ പേഴ്സൺ , സെക്രട്ടറി മാർക്കും

(നഗരകാര്യ വകുപ്പ് ഡയറക്ടറർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Sindhu.p.g.
Date: 06-12-2021 14:55:44
Reason: Approved
സെക്ഷൻ ഓഫീസർ